LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കെട്ടിടനിർമ്മാണം

301(3188) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ പൂർത്തീകരിക്കാത്തതുമൂലം അദ്ധ്യയനത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത എത്ര പദ്ധതികൾ ഉണ്ടെന്നും അവ പൂർത്തിയാക്കാൻ എത്ര തുക വേണ്ടിവരുമെന്നും ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള പേരുവിവരങ്ങളും അവയ്ക്കാവശ്യമായ തുകയും പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ

302(3189) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ നിലവിലുണ്ട്; ഗസറ്റഡ് ഓഫീസർ ക്വാർട്ടേഴ്സ് , നോൺ ഗസറ്റഡ് ഓഫീസർ ക്വാർട്ടേഴ്സ് എന്നിവയുടെ ജില്ല തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകളിലെ അനധികൃത താമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിൽ എത്ര ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും എത്രയെണ്ണത്തിൽ ജീവനക്കാർ താമസിക്കുന്നുവെന്നും വ്യക്തമാക്കുമോ; ക്വാർട്ടേഴ്സിനുള്ള അപേക്ഷകരുടെ വിവരങ്ങൾ ഗസറ്റഡ്, നോൺ ഗസറ്റഡ് എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) പാലക്കാട് ജില്ലയിൽ ക്വാർട്ടേഴ്സ് അനുവദിക്കുന്നതിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കൊല്ലങ്കോട് ബൈപ്പാസ്

303(3190) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൻമാറ നിയോജകമണ്ഡലത്തിൽ കൊല്ലങ്കോട് ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കുവാൻ നടപടി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ;

(ബി) കൊല്ലങ്കോട് ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഏത് വർഷം മുതൽ തുടങ്ങിയതാണ് ; നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) ബൈപാസ്സിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കൊല്ലങ്കോട് ബൈപ്പാസിന് ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പൊന്നംവില നടപടിക്രമമനുസരിച്ച് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനായി പദ്ധതി ചെലവിന്റെ 25% (2,64,30,000 രൂപ) മുൻകൂറായി കെട്ടിവയ്ക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. നമ്പർ 1 പാലക്കാട് ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള ഒരു ലെറ്റർ ഓഫ് ക്രഡിറ്റ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly